DESPATCHED
... 04/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 539(2)/2021**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3378**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.വി.കുഞ്ഞഹമ്മദ്,
കെ.വി. ഹൗസ്, പഴയമുനീർ സ്കൂളിന് എതിർവശം,
മാട്ടൂൽ നോർത്ത്,
പിൻ - 670 325. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
മാട്ടൂൽ.

2. അപ്പീൽ അധികാരി&
തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.11.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.03.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08.03.2021 |
| ഹിയറിംഗ് നടന്ന തീയതി | 28.10.2021, ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | റഹീസ് (S/o കുഞ്ഞഹമ്മദ്) ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 15.11.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) റീ സർവ്വെ 26/23, 26/22 26/24 27/6 എന്നീ ഭൂമിയുടെ അളവ് കാണിക്കുന്ന റിക്കാർഡിന്റെ പകർപ്പ് നൽകണമെന്നും

2) ഒരു വ്യക്തിയുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം വെട്ടിച്ചുരുക്കാൻ ടി ഓഫീസിന് അധികാരമുണ്ടോയെന്നും എങ്കിൽ അത് ഏത് വകുപ്പ് അല്ലെങ്കിൽ ചട്ടപ്രകാരമാണെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും

3) ഒരു വ്യക്തിയുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം വെട്ടിച്ചുരുക്കുന്നതിനു മുമ്പ് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും അതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള വകുപ്പ്, അല്ലെങ്കിൽ ചട്ടം, അല്ലെങ്കിൽ ഓർഡർ, അല്ലെങ്കിൽ സർക്കുലറിന്റെ പകർപ്പ് നൽകണമെന്നും

4) സർവ്വെ നം.26/138ലുള്ള ഭൂമിയുടെ വിസ്തീർണ്ണം 6 ആർ, 67 സ്ക്വയർ മീറ്ററിൽ നിന്നും 5 ആർ 82 സ്ക്വയർ മീറ്ററിലേയ്ക്ക് വെട്ടിച്ചുരുക്കുന്നതിനു മുമ്പ് ടി ഓഫീസിൽ നിന്നും എന്തൊക്കെ നടപടികളും അന്വേഷണങ്ങളുമാണ് പൂർത്തീകരിച്ചതെന്നും അതിന്റെ പൂർണ്ണമായ പകർപ്പ് നൽകണമെന്നും

5) ഭൂനികുതി പിരിക്കുന്നതിന് മുമ്പ് ടിയാന്റെ ഓഫീസിൽ നിന്നും സ്വീകരിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമായ വിവരങ്ങൾ എന്തൊക്കെയാണെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 11.12.2020ന് ടിയാന്റെ അപേക്ഷയിലെ 12 ഇനങ്ങൾക്കും മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി അറിയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി നൽകിയതായി കാണുന്നില്ല

3. രണ്ടാം എതിർകക്ഷി 02.07.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതിൽ ആക്ഷേപം ഉന്നയിച്ച് ടിയാൻ ഒന്നാം അപ്പീൽ അധികാരിയായ കണ്ണൂർ തഹസിൽദാർ(എൽ.ആർ.) മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചിട്ടും നടപടി എടുത്തിട്ടില്ലാത്തതാണ് അപ്പീൽ ഹർജിക്ക് അടിസ്ഥാനമെന്നു കാണുന്നുവെന്നാണ്. കമ്മീഷന്റെ 25.06.2021ലെ കത്തു ലഭ്യമായശേഷം അപ്രകാരമൊരു അപ്പീൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് പരി ശോധിച്ചപ്പോൾ അപ്രകാരമൊരു അപേക്ഷ തപാലിലോ ബന്ധപ്പെട്ട സെക്ഷ നിലോ ലഭിച്ചിട്ടുള്ളതായി കണ്ടില്ലെന്നുമാണ്. തുടർന്ന് കമ്മീഷന്റെ കത്തിൽ സൂചിപ്പിച്ചിരുന്നതു പ്രകാരം മെയിൽ പരിശോധിച്ചപ്പോൾ 06.01.2021ന് ഹർജി ക്കാരൻ ഇ-മെയിലായി അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയ തിനെ തുടർന്ന് ആയതിന്റെ പ്രിന്റ് എടുക്കുകയും ഹർജിക്കാരന്റെ 06.01.2021ലെ മെയിൽ പ്രകാരമുള്ള അപ്പീൽ ഹർജിയുടെ പ്രിന്റോ തുടർന്ന് 05.02.2021ലെ ഓർമ്മപ്പെടുത്തൽ മെയിലിന്റെ പ്രിന്റോ നേരത്തെ ലഭ്യമായ തായി കാണപ്പെട്ടില്ലെന്നും അപ്രകാരം സംഭവിക്കാൻ ഇടയായത് താലൂക്ക് ഓഫീസിലേയ്ക്ക് നിരവധി മെയിലുകൾ വരുന്നതിനാൽ തിരക്ക് കാരണം ഹർജിക്കാരന്റെ മെയിൽ പരിശോധിച്ച് പ്രിന്റ് എടുക്കുന്നതിന് വിട്ടുപോയിട്ടു ള്ളതിനാലാണെന്നും ഇത് മനഃപ്പൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി മാപ്പാക്കണമെന്നുമാണ്.

ഹർജിക്കാരന്റെ അപ്പീൽ ഹർജി ലഭിച്ചതു പ്രകാരം ടിയാനെയും എസ്. പി.ഐ.ഒ.യെയും ഹിയറിംഗിനു വിളിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുള്ള താണെന്നും അപ്രകാരം ഹിയറിംഗ് നടത്തി അപ്പീൽ ഹർജി തീർപ്പാക്കി കമ്മീഷന് അന്തിമ മറുപടി സമർപ്പിച്ചു കൊള്ളാമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഇ–മെയിൽ വഴി ഒരു ഓർമ്മപ്പെടുത്തൽ നടത്തിയിട്ടുണ്ടെന്നും വിവരം നിഷേധിക്കുന്ന രീതിയിലാണ് മറുപടി നൽകിയതെന്നുമാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതു പ്രകാരം 02.07.2021ന് ഒരു താല്ക്കാലിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ട് പ്രകാരം ഹർജിക്കാരനേയും എസ്.പി.ഐ.ഒ.യേയും ഹിയറിംഗിനു വിളിക്കുകയും ഹർജിക്കാരൻ ഹാജരായില്ലെങ്കിലും സ്റ്റേറ്റ്മെന്റ് ഇ–മെയിൽ വഴി സമർപ്പിക്കുകയും എസ്.പി.ഐ.ഒ. ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും ചെയ്തുവെന്നുമാണ്. തുടർന്ന് 15.07.2021ലെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം 2, 3, 4, 5 എന്നിവയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പ് സൗജന്യമായി നൽകണമെന്നും ക്രമനമ്പർ 6ന് നൽകിയ മറുപടി ഒന്നുകൂടി പരിശോധിച്ച് വ്യക്തമായ മറുപടി നൽകണമെന്നും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും 7, 9 എന്നീ ഇനങ്ങൾക്ക് വിവരാവകാശ നിയമം 6(3) പ്രകാരം കണ്ണൂർ താലൂക്ക് ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ കൈമാറുന്നതിനും ഇപ്രകാരം കൈമാറിയ വിവരം ഹർജിക്കാരനെ അറിയിക്കുന്നതിനും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയെന്നുമാണ്. കൂടാതെ ടിയാന്റെ അപേക്ഷയിലെ 10, 11 എന്നീ ഇനങ്ങൾക്ക് സൗജന്യമായി രേഖകളുടെ പകർപ്പ് നൽകണമെന്നും ചോദ്യം നമ്പർ 12 ന് വെബ്സൈറ്റിൽ ഉണ്ടെങ്കിലും ആയത് ഓഫീസിൽ ലഭ്യമാണെങ്കിൽ പകർപ്പ് സൗജന്യമായി 7 ദിവസത്തിനകം നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

എന്നാൽ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ പ്രതിപാദിച്ചിരുന്ന ചോദ്യം നമ്പർ 4, 5 എന്നിവയ്ക്ക് എസ്.പി.ഐ.ഒ. 7(1) പ്രകാരം നൽകിയ

മറുപടിയിൽ ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അപ്പീൽ തീർപ്പാക്കൽ ഉത്തരവിലെ നിർദ്ദേശപ്രകാരം നൽകിയ മറുപടിയിൽ ടി ഇനങ്ങൾക്ക് സൗജന്യമായി നൽകണമെന്നാണ് അപ്പീൽ അധികാരി നിർദ്ദേശിച്ചിരുന്നത്. എന്നാൽ എസ്.പി.ഐ.ഒ. 4, 5 എന്നീ ഇനങ്ങളുടെ പകർപ്പ് നൽകിയിട്ടില്ലെന്നു കാണുന്നു. കൂടാതെ ടിയാന്റെ അപേക്ഷയിലെ 10-ാം ഇനം സംബന്ധിച്ച ചോദ്യത്തിനും നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാനാണ് ആവശ്യപ്പെട്ടിരുന്നതെന്നും പിന്നീട് അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം നൽകിയ മറുപടിയിൽ പ്രസ്തുത രേഖകൾ ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചത്. ക്രമനമ്പർ 12 ന് നൽകിയ മറുപടിയിൽ ഡൗൺലോഡ് ചെയ്തെടുക്കാനാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ വെബ് സൈറ്റിൽ ഉണ്ടെങ്കിലും ഓഫീസിൽ ലഭ്യമാണെങ്കിൽ പകർപ്പ് സൗജന്യമായി നൽകണമെന്ന് അപ്പീൽ അധികാരി നിർദ്ദേശിച്ചിരുന്നെങ്കിലും ആയതിനും ഓഫീസിൽ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ഇപ്രകാരം പരസ്പര വിരുദ്ധമായ മറുപടി നൽകി തെറ്റിദ്ധരിപ്പിക്കുകയാണ് എസ്.പി.ഐ.ഐ.ഒ. ചെയ്തിരിക്കുന്നതെന്ന് നിരീക്ഷിച്ചുകൊണ്ട് ഇപ്രകാരം ഗുരുതര വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 24-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)